**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 407** **14-03-2023 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണ രീതി നവീകരിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ ദൈർഘ്യം എത്രയെന്ന് സംസ്ഥാന പാത, പ്രധാന ജില്ലാപാത എന്നിവ തിരിച്ച് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 29522 കി മീ. റോഡുകൾ ഉണ്ട്. ഇതിൽ 4128 കി.മീ. സംസ്ഥാന പാതകളും 25394 കി.മീ. മേജർ ഡിസ്ട്രിക്റ്റ് റോഡുകളും ഉൾപ്പെടുന്നു. കൂടാതെ കേരള പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന് കീഴിൽ 636 കി.മീ റോഡുകൾ പരിപാലിച്ചു വരുന്നു. |
| (ബി) | റോഡുകൾ തകരാറ് കൂടാതെ പരിപാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ബാധ്യതാകാലയളവ് കഴിഞ്ഞിട്ടുള്ള റോഡുകൾക്ക് റണ്ണിംഗ് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ നിലവിൽ ഇതുവഴി എത്ര കിലോമീറ്റർ റോഡുകളുടെ കൃത്യമായ പരിപാലനം ഉറപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | റോഡുകളുടെ തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ബാധ്യതാ കാലയളവ് കഴിഞ്ഞിട്ടുള്ള റോഡുകൾക്ക് റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപെടുത്തി അറ്റകുറ്റപ്പണികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 12332 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-I, ക്ലസ്റ്റർ-II ഫേസ്-I എന്നിവയിൽ ഉൾപ്പെടുത്തി പരിപാലിച്ചു വരുന്നു. കൂടാതെ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-II ഫേസ്-II ൽ ഉൾപെടുത്തി 7685 കി.മീ. റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് പ്രത്യേക പരിശോധനാ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. വകുപ്പിലെ നോഡൽ ഓഫീസർമാരായ ഐ.എ.എസ് ഉദ്യോഗസ്ഥർ, ചീഫ് എഞ്ചിനീയർമാർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം നിശ്ചിത ഇടവേളകളിൽ റോഡുകളിൽ നേരിട്ടെത്തി പരിശോധന നടത്തുന്നു. അതോടൊപ്പം സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള സംഘവും നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. |
| (സി) | അതിതീവ്രമഴയേയും കാലാവസ്ഥാ വ്യതിയാനത്തേയും അതിജീവിക്കുന്ന തരത്തിൽ | (സി) | അതിതീവ്ര മഴയേയും കാലാവസ്ഥാ വ്യതിയാനങ്ങളേയും അതിജീവിക്കുന്ന തരത്തിൽ |

| | | | |
|---|---|---|---|
| | സംസ്ഥാനത്തെ റോഡുനിർമ്മാണ രീതി നവീകരിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | | സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിൽ ആധുനിക നിർമ്മാണ രീതികൾ അവലംബിച്ച് വരുന്നു. ഇതിന്റെ ഭാഗമായി ദീർഘകാലം ഈട് നിൽക്കുന്നതും കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കാൻ സാധിക്കുന്നതുമായ ബി.എം & ബി.സി. നിലവാരത്തിലേയ്ക്ക് വകുപ്പിന്റെ എല്ലാ റോഡുകളും ഇൻവെസ്റ്റിഗേഷനും രൂപകൽപ്പനയും ചെയ്ത് ഘട്ടം ഘട്ടമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്. എല്ലാ റോഡുകളും ഘട്ടം ഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു. റോഡുകൾ ദീർഘകാലം ഈട് നിൽക്കുന്നതിന് നൂതന നിർമ്മാണ രീതികൾ നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി റോഡ് നിർമ്മാണം സാധ്യമാക്കുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ രീതി വ്യാപകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എഫ്.ഡി.ആർ രീതിയിൽ റോഡുകൾ നിർമ്മിക്കുകയാണ്. ഇത് പരിസ്ഥിതി സൗഹൃദമായ നിർമ്മാണ രീതിയായി വിലയിരുത്തപ്പെടുന്നു. സോയിൽ നെയിലിംഗ്, ജിയോസെൽസ്, സിമന്റ് ട്രീറ്റഡ് സബ് ബെയിസ് പേവ്മെന്റ് ക്വാളിറ്റി കോൺക്രീറ്റ് എന്നിവയും നടപ്പാക്കി വരുന്നുണ്ട്. ഇതോടൊപ്പം മഴ, ചൂട് എന്നിവയെ പ്രതിരോധിക്കുന്ന രീതിയിൽ ഉള്ള നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് KHRI പഠനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വെള്ളക്കെട്ട് ഉള്ള പ്രദേശങ്ങൾക്ക് അനുയോജ്യമായതും 15 മുതൽ 20 വർഷം വരെ ഈട് നിൽക്കുന്നതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ചും റോഡുകൾ നിർമ്മിച്ച് വരുന്നു. |
| (ഡി) | പൊതുമരാമത്ത് റോഡുകളെ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾക്കുള്ള പരിഹാര സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; അറ്റകുറ്റപ്പണികളുടെ പുരോഗതി വിലയിരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ? | (ഡി) | പൊതുമരാമത്ത് റോഡുകളെ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾക്കുള്ള പരിഹാര സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ ആയ 'PWD 4U' മുഖേന ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ടി.പി. വിഭാഗത്തിന് കീഴിൽ കേന്ദ്രീകൃത സംവിധാനമായ പബ്ലിക് ഇൻഫർമേഷൻ സെൽ രൂപീകരിക്കുകയും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും പരാതിയിന്മേൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് പരാതിക്കാരന് നൽകുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | "റിംഗ് റോഡ്" എന്ന ലൈവ് ഫോൺ ഇൻ പരിപാടി വഴി പൊതുമരാമത്ത് വകുപ്പ് മന്ത്രി മാസത്തിൽ ഒരു തവണ പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുകയും പരാതി പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>കൂടാതെ പൊതുമരാമത്ത് വകുപ്പിൽ പരാതി പരിഹാരത്തിനുവേണ്ടി ഒരു പരാതി പരിഹാര സെൽ (GRIEVANCE REDRESSAL CELL) നിലവിലുണ്ട്. ഈ സെൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30മുതൽ വൈകുന്നേരം 7.30 വരെ പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് “18004257771” എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ചു പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്താവുന്നതാണ്. കൂടാതെ രേഖപ്പെടുത്തിയ പരാതിയുടെ നിലവിലെ സ്ഥിതി പരാതി നമ്പർ ഉപയോഗിച്ച് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാണ്.<br><br>പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ നിലവിൽ പൊതുമരാമത്ത് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. ഇതിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 45 ദിവസത്തിലൊരിക്കലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കലും പരിശോധനകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ